"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് 2024-25-ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പ്രോജക്ട് നമ്പർ 23/25 'ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് പശുവിനെ നൽകൽ' പദ്ധതിക്ക് ഗുണഭോക്തൃവിഹിതം ഒഴിവാക്കി അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.611/2025/LSGD തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:-

1. നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06/11/2024-ലെ എ4/5647/24 നമ്പർ കത്തും ഭരണ സമിതിയുടെ 14/10/2024-ലെ 2(2)24 നമ്പർ തീരുമാനവും.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 30/01/2025-ലെ 4.87 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് ട്രാൻസ്ജെൻഡർ ക്ഷേമപദ്ധതി പ്രകാരം പഞ്ചായത്തിലെ ഏക ട്രാൻസ്ജെൻഡറായ ഭാവന സുരേഷ് എന്നവർക്ക് പശുവിനെ വിതരണം ചെയ്യുന്നതിനായി 2024-25-ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പ്രോജക്ട് നമ്പർ 23/25 പദ്ധതിക്ക് ഗുണഭോക്തൃവിഹിതം ഒഴിവാക്കി നല്കി അനുമതി നല്കണമെന്ന് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

പരാമർശം (2) പ്രകാരം ചേർന്ന കോർഡിനേഷൻ കമ്മിറ്റിയിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ മേൽ പദ്ധതി നടപ്പാക്കുന്നതിന് പ്രാത്യേകാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ വിങ്, ഐ.ആന്റ് പി.ആർ.ഡി.

കരുതൽ ഫയൽ / ഓഫീസ് കോപ്പി (LSGD-DA2/17/2025-LSGD)

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 05-03-2025 12:29:26

സെക്ഷൻ ഓഫീസർ.